നം. എം.എസ്.പി3-6256/2014/ആ.വ.ഡ

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയ്യതി; 30/01/2014

## ടെൻഡർ നോട്ടീസ്

വിഷയം: ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിൽ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള മുദ്രവച്ച ദർഘാസുകൾ ക്ഷണിക്കുന്നു.

| ക്രമ നമ്പർ | ഉപകരണത്തിന്റെ പേര് | ദർഘാസ് നമ്പർ | അസൽ ദർഘാസ് | പകർപ്പിന്റെ വില |
|---|---|---|---|---|
| 1. | കാർഡ് ബോക്സസ് ഫോർ ദി സപ്ലേ ഓഫ് ദി ടി.ബി. മെഡിസിൻ | 12/201314 | 1000 + വാറ്റ് 5% | 500 + വാറ്റ് 5% |
| 2. | വെറ്റ് & ഡ്രൈ വാക്വം ക്ലീനർ | 13/201314 | 500 + വാറ്റ് 5% | 250 + വാറ്റ് 5% |

ദർഘാസുകളിൽ ടെണ്ടർ രേഖപ്പെടുത്തി അഡീഷണൽ ഡയറക്ടർ (മെഡിക്കൽ) ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ്, തിരുവനന്തപുരം-695035 എന്ന വിലാസത്തിൽ 21/02/2014 പകൽ 3 മണിക്ക് മുമ്പായി സമർപ്പിക്കേണ്ടതാണ്. സ്വീകാര്യമായ ദർഘാസുകൾ നൽകിയവരുടേയോ, അവർ അധികാരപ്പെടുത്തിയവരുടേയോ സാന്നിദ്ധ്യത്തിൽ 22/02/2014 പകൽ 11 മണിക്ക് തുറക്കുന്നതാണ്. ദർഘാസുകൾ വിൽക്കുന്ന അവസാന തീയ്യതി 20/02/2014 പകൽ 3 മണി വരെയാണ്. ദർഘാസ്ഫോറം ആവശ്യമുള്ളവർ അതിന്റെ വില മണിഓർഡർ ആയോ നേരിട്ടോ അടച്ച് തിരുവനന്തപുരം ഗവൺമെന്റ് മെഡിക്കൽ സ്റ്റോർ ആഫീസർക്ക് പ്രവർത്തി ദിവസങ്ങളിൽ രേഖാമൂലം അപേക്ഷിച്ചാൽ ലഭിക്കുന്നതാണ്. ദർഘാസ് സമർപ്പിക്കേണ്ട അവസാന തീയ്യതിയ്ക്ക് 10 പ്രവൃത്തി ദിവസം മുമ്പേയെങ്കിലും ലഭിക്കുന്ന മണി ഓർഡറുകൾ മാത്രമേ സ്വീകരിക്കുകയുള്ളൂ. ദർഘാസ് ഫോറം കൈമാറ്റം ചെയ്യാൻ പാടില്ല. ദർഘാസ് ഫോറത്തിനു വില ചെക്കുകളായോ, ഡ്രാഫ്റ്റായോ, പോസ്റ്റൽ ഓർഡർ ആയോ സ്വീകരിക്കുന്നതല്ല. അപേക്ഷയിൽ ദർഘാസ് നമ്പർ, സാധനത്തിന്റെ പേര് നിർബന്ധമായും കാണിച്ചിരിക്കേണ്ടതാണ്. ദർഘാസിന്റെ പ്രത്യേക നിബന്ധനകൾ ദർഘാസ് ഫോറത്തോടൊപ്പം വാങ്ങേണ്ടതാണ്.

ഡോ. പി.എൻ. രമണി
അഡീഷണൽ ആരോഗ്യ വകുപ്പ് ഡയറക്ടർ (മെഡിക്കൽ)

പകർപ്പ്;

1. ഡയറക്ടർ, പബ്ലിക്ക് റിലേഷൻസ് ഡിപ്പാർട്ടുമെന്റ്
2. സൂപ്രണ്ട്, ഗവൺമെന്റ് പ്രസ്
3. നോട്ടീസ് ബോർഡ്
4. വെബ്സൈറ്റ് ഓഫ് ആരോഗ്യവകുപ്പ് ഡയറക്ടർ